**17.07.2023**

# <u>KGBEU OU ബുള്ളറ്റിൻ 78/2023</u>

സഖാക്കളെ,

## വിഷയം: Mandatory courses on KGB Empower

KGB empowerse 10 കോഴ്സുകൾ October 20ന് മുമ്പ് mandatory ആയി ചെയ്തിരിക്കണം എന്നാവശ്യപ്പെട്ട് മാനേജ്മെന്റ് സർക്കുലർ ഇറക്കിയിരിക്കുകയാണ്. ജീവനക്കാർക്ക് അറിവ് നേടുന്നതിനുള്ള എല്ലാ മാർഗങ്ങളും നല്ല നിലയ്ക്ക് സംഘടിപ്പിക്കണം എന്ന നിരന്തരമായ ആവശ്യം നമ്മുടെ സംഘടന ഉന്നയിച്ചതിനെത്തുടർന്നാണ് STC, e learning module ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിലവിൽ വരുന്നത്.

എന്നാൽ mandatory ആക്കിക്കൊണ്ടുള്ള സർക്കുലർ പുറത്തിറങ്ങിയത് വഴി, ബാങ്കിംഗ് ജോലി കഴിഞ്ഞ് തന്റേതായ സമയവും ഔദ്യോഗിക ആവശ്യത്തിനായി വിനിയോഗിക്കണം എന്ന നിലപാട് ജീവനക്കാർക്കുമേൽ അടിച്ചേൽപ്പിക്കുന്ന തരത്തിലാണ് വരുന്നത്. മാത്രവുമല്ല, അതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ മുഴുവൻ ജീവനക്കാർക്കും ലഭ്യമാണോ എന്ന് പരിശോധിക്കാൻ മാനേജ്മെന്റ് തയ്യാറായിട്ടുമില്ല. ഒരു കാരണവശാലും ഇത്തരം നടപടികൾ നമുക്ക് അംഗീകരിക്കാൻ കഴിയില്ല. ജീവനക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനുതകുന്ന നിരവധിയായ പദ്ധതികൾ സർവാത്മനാ സ്വാഗതം ചെയ്യുന്നതോടൊപ്പം കഴിഞ്ഞ ദിവസം ഇറങ്ങിയ സർക്കുലറിന്മേൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് HR ജനറൽ മാനേജരോട് സംസാരിക്കുകയും പിൻവലിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)